പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5029 15-11-2019-ലെ മറുപടിയ്ക്ക്

**കർഷക ആത്മഹത്യകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ) | 2018 ആഗസ്റ്റ് മാസം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാപ്രളയത്തെ തുടർന്ന് കർഷകർക്കുണ്ടായ വലിയ നാശനഷ്ടങ്ങൾ കാരണം ഇടുക്കി, വയനാട് ജില്ലകളിൽ 9 കർഷകർ വീതവും കണ്ണൂർ ജില്ലയിൽ 2 ഉം കാസർഗോഡ് ജില്ലയിൽ 1 ഉം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | യഥാസമയം കാർഷിക മോറട്ടോറിയം നൽകാത്തതാണ് ഇത്തരം ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യം സൃഷ്ടിച്ചതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ അതാത് വർഷം പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ വായ്പകൾക്കെല്ലാം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെന്ന് എസ്.എൽ.ബി.സി കൺവീനറും പ്രളയബാധിത പ്രദേശങ്ങളിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് യഥാസമയം മൊറട്ടോറിയം അനുവദിച്ച നൽകിയിട്ടുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കർഷക ആത്മഹത്യകൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | പ്രത്യേക എസ്.എൽ.ബി.സി. യോഗ തീരുമാന പ്രകാരം അർഹരായ കർഷകർക്ക്, കാർഷികാവശ്യത്തിന് നിലവിലെ തോത് അനുസരിച്ചും, ഭൂമിയുടെ വിസ്തീർണ്ണം, വിളവിന്റെ സ്വഭാവം എന്നിവ അനുസരിച്ചും മാർജിനോ അധിക ഈടോ ഇല്ലാതെ പുതിയ വായ്പ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>അർഹതയുള്ള നെൽകർഷകർക്ക് പലിശ രഹിത വായ്പ സഹകരണ വകുപ്പ് മുഖാന്തിരം നൽകി വരുന്നു.<br>കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം 7% പലിശ |

| | | | |
|---|---|---|---|
| | | | നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്.<br>കർഷകരുടെ ദീർഘകാല വിളകൾക്ക് വേണ്ട പുതിയ ലോണുകളുടെ 9% വരെയുള്ള പലിശ, വായ്പ എടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് സർക്കാർ നൽകുന്നു.<br>കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കടിശ്ശികയ്ക്ക് നൽകുന്ന ആനുകല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്. ടി നടപടികൾ കർഷക ആത്മഹത്യകൾ തടയുന്നതിന് ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**